## പ്രാർത്ഥനാ പരിചയം

ഇമാം ഹസ്രത്ത് അലി ബിൻ അബീതാലിബ് തന്റെ അടുത്ത അനുയായിയും ശിഷ്യനുമായ കുമൈൽ ഇബ്നു സിയാദ് അന്നഖാഇക്ക് പഠിപ്പിച്ചുകൊടുത്ത പ്രസിദ്ധ പ്രാർത്ഥനയാണ് 'ദുആഉൽ കുമൈൽ'.

ഇമാം ഒരിക്കൽ ഇറാഖിലെ ബസ്റ പള്ളിയിൽ ഒരു സംഘം അനുയായികളുമൊത്ത് ഇരിക്കുമ്പോൾ കൂട്ടത്തിൽ പലരും പല സംശയങ്ങളും ചോദിച്ച് നിവൃത്തി വരുത്തി. ശഅ്ബാൻ പാതി കഴിയുന്ന രാത്രിയിൽ 'ദുആഉൽ ഖളിർ' (ഖളിറിന്റെ പ്രാർത്ഥന) ചൊല്ലുന്നതിന്റെ പുണ്യത്തെക്കുറിച്ച് ഇമാമിന്റെ സംസാരത്തിനിടയിൽ ശ്രദ്ധിച്ച കുമൈൽ തനിക്കാ പ്രാർത്ഥന പഠിപ്പിച്ചുതരണമെന്ന് ഇമാമിനോടപേക്ഷിച്ചു. അങ്ങനെയാണ് കുമൈലിന് ഇമാം ഈ പ്രാർത്ഥന പഠിപ്പിക്കാനിടവന്നത്.

ഇമാമിന് ഈ പ്രാർത്ഥന അദ്ധ്യാത്മജ്ഞാനികളായ മുസ്‌ലിം സൂഫികൾക്കിടയിൽ പരിചിതനായ ഹസ്രത്ത് ഖളിർ വലിയ്യുല്ലാഹ് (ഖിള്ർ നബി എന്നും പറയാറുണ്ട്) ആണത്രെ പഠിപ്പിച്ചത്. പക്ഷെ, പ്രാർത്ഥനയുടെ ഉള്ളടക്കവും ആശയവും മാത്രമാണ് ഖളിറിന്റേത്. പദങ്ങൾ ഇമാമിന്റേതും.

അല്ലാഹുവും മനുഷ്യനും തമ്മിലുള്ള ബന്ധത്തെ പൂർണമായി പ്രതിഫലിപ്പിക്കുന്ന ഈ പ്രാർത്ഥന അല്ലാഹുവിന്റെ മുമ്പിൽ മനുഷ്യൻ തന്റെ സങ്കടം എങ്ങനെയെല്ലാം ബോധിപ്പിക്കണമെന്നതിന്റെ ഏറ്റവും അനുയോജ്യവും ആകർഷകവുമായ ഒരുദാഹരണമെന്ന നിലയിൽ ഭക്തർക്ക് ദുആഉൽ കുമൈൽ അർത്ഥസഹിതം കിട്ടുന്നത് വലിയൊരു നേട്ടമായിരിക്കും.

കുമൈലിന്റെ പ്രാർത്ഥന

പരമ ദയാലുവും ദാക്ഷിണ്യ ശാലിയുമായ അല്ലാഹുവിന്റെ തിരുനാമത്തിൽ.

അല്ലാഹുവേ, നിന്നോട് ഞാൻ ചോദിക്കുന്നു - എന്തിനെയും ഉൾക്കൊള്ളാൻ വിശാലതയുള്ള നന്റെ കാരുണ്യത്തെ മുൻനിർത്തി;

സകലതിനെയും അടക്കിവാഴുന്നതും സകലതും എളിമയോടെ വിധേയപ്പെട്ടിരിക്കുന്നതുമായ നിന്റെ ശക്തി മുൻനിർത്തി;

എല്ലാത്തിനെയും അതിജീവിച്ചിരിക്കുന്ന നിന്റെ സമഗ്രാധിപത്യത്തെ മുൻനിർത്തി;

ഒന്നിനും സ്വയം നിലനില്പില്ലാതാക്കിയിരിക്കുന്ന നിന്റെ പ്രതാപത്തെ മുൻനിർത്തി;

സർവത്ര നിബിഡമായിരിക്കുന്ന നിന്റെ മഹിമയെ മുൻനിർത്തി;

സർവോപരിയായ നിന്റെ അധികാരത്തെ മുൻനിർത്തി;

എല്ലാം നശിച്ചാലും ശേഷിക്കുന്ന നിന്റെ വദനത്തെ മുൻനിർത്തി;

ചരാചരങ്ങളുടെയെല്ലാം ആധാരങ്ങളിൽ ആലേഖിതമായിരിക്കുന്ന നിന്റെ നാമങ്ങളെ മുൻനിർത്തി;

സർവസ്പർശിയായ നിന്റെ ജ്ഞാനത്തെ മുൻനിർത്തി;

മുഴുവൻ വസ്തുക്കളെയും പ്രഭയണിയിക്കുന്ന നിന്റെ മുഖത്തിലെ പ്രകാശത്തെ മുൻനിർത്തി;

പ്രകാശമോ പരമ വിശുദ്ധനേ, ആദ്യത്തവർക്കും ആദ്യത്തവനേ, അവസാനത്തവർക്കും അവസാനത്തവനേ,

അല്ലാഹുവേ,

എന്റെ പാപങ്ങൾ നീ എനിക്ക് പൊറുത്തു തരേണമേ!

നിന്റെ സംരക്ഷണത്തിന്റെ ഭിത്തികളെ തകർക്കാൻ പോന്ന പാപങ്ങൾ...

ശിക്ഷാനടപടികൾ ഇറങ്ങാൻ ഹേതുവായിരിക്കുന്ന പാപങ്ങൾ...

അനുഗ്രഹങ്ങളെ മാറ്റിമറിക്കാൻ പോന്ന പാപങ്ങൾ...

പ്രാർത്ഥനയെപ്പോലും തടഞ്ഞുനിർത്താൻ പോന്ന പാപങ്ങൾ...

ആപത്തുകൾ വന്നു ഭവിക്കുന്നതിന് കാരണമാകുന്ന പാപങ്ങൾ...

പ്രതീക്ഷയ്ക്കു ഭംഗം വരുത്തുന്ന പാപങ്ങൾ...

അല്ലാഹുവേ,

ഞാൻ ചെയ്ത മുഴുവൻ പാപങ്ങളും തെറ്റുകുറ്റങ്ങളും എന്നോട് പൊറുക്കേണമേ!

അല്ലാഹുവേ,

നിന്നെ സ്മരിക്കുന്നതിലൂടെ നിന്റെ സാമീപ്യസിദ്ധിക്കായി ഞാൻ ശ്രമിക്കുന്നു. നിന്നിലൂടെ നിന്നിലേയ്ക്ക് ഞാൻ ശുപാർശകനെ തേടുന്നു; നിന്റെ സമീപത്തേക്ക് എന്നെ അടുപ്പിക്കുവാൻ നിന്റെ ഔദാര്യം മുൻനിർത്തി ഞാൻ കെഞ്ചുന്നു; നിന്റെ സ്മരണ എന്നിൽ പ്രചോദിപ്പിക്കുകയും നിന്നോടുള്ള കൃതജ്ഞതാ പ്രകടനം എന്നെ പഠിപ്പിക്കുകയും ചെയ്യേണമേ!

അല്ലാഹുവേ,

ഒരു പതിതന്റെ എളിമയാർന്നതും വിഹ്വലതയോടുകൂടിയതുമായ അർത്ഥനയാകുന്നു നിന്നോട് ഞാൻ നടത്തുന്നത്. നീ എന്നോട് കരുണ കാണിക്കുക. എന്റെ കാര്യങ്ങളെല്ലാം അനായാസം നിർവഹിക്കുന്നതിന് എനിക്ക് തുണയേകുക! നീ വിധിക്കുന്ന വിഹിതങ്ങൾ സംതൃപ്തിയോടെ സ്വീകരിച്ച് സദാ വിനയാന്വിതനായിരിക്കേണ്ടതിന് എനിക്കു കഴിയുമാറാകണേ!

അല്ലാഹുവേ!

കൊടും ദാരിദ്ര്യം ഗ്രസിച്ചവന്റെ തേട്ടമാണ് നിന്നോടുള്ള എന്റെ തേട്ടം. നിന്റെ ഉമ്മരപ്പടിക്കൽ അരിഷ്ടതകളുടെ ഭാണ്ഡങ്ങൾ ഇറക്കിവെച്ച് വലിയ പ്രതീക്ഷയുമായി ഇരിക്കുന്ന ഒരുത്തനെപ്പോലെയാണു ഞാൻ.

അല്ലാഹുവേ,

നിന്റെ അധികാരത്തിന്റെ വലിപ്പം എത്രയാണ്! നിന്റെ സ്ഥാനം എത്ര ഉന്നതം! നിന്റെ പദ്ധതികൾ എത്ര നിഗൂഢം! നിന്റെ ഉത്തരവ് എത്ര വ്യക്തം! നിന്റെ സ്വാധീനം എത്ര അജയ്യം! നടപ്പിലാകുന്നത് നിന്റെ കഴിവ് തന്നെ. നിന്റെ സാമ്രാജ്യത്തിൽ നിന്ന് ഓടി ഒളിക്കുക തികച്ചും അസാധ്യം.

അല്ലാഹുവേ,

എന്റെ പാപങ്ങൾ പൊറുക്കാനും കൊള്ളരുതായ്മകൾ ഒളിപ്പിക്കാനും ദുഷ്കൃത്യം മാറ്റി സുകൃതം പകരം വെയ്ക്കാനും നീയല്ലാതാരുണ്ടെനിക്ക്. ആരാധിക്കപ്പെടുന്നതിനുള്ള അർഹത നിനയ്ക്കു മാത്രം. നിന്റെ വിശുദ്ധിയെ വാഴ്ത്തുകയും നിന്നെ സ്തുതിക്കുകയും ചെയ്യുന്നു ഞാൻ.

സ്വന്തം ആത്മാവിനോട് ഞാൻ ദ്രോഹം പ്രവർത്തിച്ചു, വിവരക്കേടിനാൽ എന്തിനെല്ലാമോ ധാർഷ്ട്യം കാണിച്ചു. മുമ്പ് എന്നെ നീ അനുസ്മരിച്ചിട്ടും അനുഗ്രഹിച്ചിട്ടുമുണ്ട് എന്നതിൽ ഞാൻ സ്വാസ്ഥ്യം കണ്ടു.

അല്ലാഹുവേ, എന്റെ യജമാനൻ!

എന്റെ എന്തെല്ലാം കൊള്ളരുതായ്മകളാണ് നീ ഒളിപ്പിച്ചുവച്ചത്! എത്രയെത്ര കൊടും വിപത്തുകളാണ് നീ ഒഴിവാക്കിത്തന്നത്! എത്രയെത്ര വീഴ്ചകളാണ് നീ കാത്തത്! എന്തെല്ലാം അനിഷ്ട സംഭവങ്ങളാണ് നീ തടുത്ത് മാറ്റിയത്! ഞാനൊരിക്കലും അർഹിക്കാത്ത എത്രയെത്ര പ്രശംസകളാണ് നീ എനിക്ക് നേടിത്തന്നത്!

അല്ലാഹുവേ,

പരീക്ഷണത്തിന് കാഠിന്യമേറിയിരിക്കുന്നു; എന്റെ ദുരവസ്ഥ അറ്റം കണ്ടുകഴിഞ്ഞു. കർമങ്ങൾ വളരെ തുച്ഛം; ചങ്ങലകൾ എന്നെ ഇരുത്തിക്കളഞ്ഞിരിക്കുന്നു; വിഫലങ്ങളായ മോഹങ്ങളുടെ ബന്ധനത്തിലാണ് ഞാൻ. ഒരു ഭാഗത്ത് ലോകം അതിന്റെ മായാവലയത്തിൽ പെടുത്തിയിരിക്കയാണെന്നെ; മറുഭാഗത്ത് സ്വന്തം മനസ്സിന്റെ വഞ്ചനയിലും ആലസ്യത്തിലും ഞാൻ കുടുങ്ങിയിരിക്കയുമാണ്.

അതിനാൽ എന്റെ നാഥാ, നിന്റെ പ്രതാപത്തെ മുൻനിർത്തി ഞാൻ കേണപേക്ഷിക്കട്ടെ, എന്റെ തെറ്റായ പ്രവർത്തനങ്ങളും നടപടികളും കാരണം എന്റെ പ്രാർത്ഥനക്ക് നിന്റെ സന്നിധിയിലേക്ക് പ്രവേശനം നിഷേധിക്കരുതേ! നിനക്കു പ്രത്യക്ഷമായ എന്റെ രഹസ്യങ്ങൾ വെളിപ്പെടുത്തി എന്നെ വഷളാക്കരുതേ! എന്റെ വിവരക്കേടും ശ്രദ്ധയില്ലായ്മയും വികാരങ്ങളുടെ വേലിയേറ്റവും ദോഷ പ്രവണതയും മൂലം എന്റെ സ്വകാര്യതയിൽ ഞാൻ ചെയ്ത തിന്മകൾ ഹേതുവായി എന്നെ പെട്ടെന്ന് പിടികൂടി ശിക്ഷിക്കരുതേ!

അല്ലാഹുവേ,

നിന്റെ അന്തസ്സ് ഏതവസ്ഥയിലും ഏതൊരു കാര്യത്തിലും എന്നോട് ദയാലുവായിരിക്കുന്നതിനും ആർദ്രത കാണിക്കുന്നതിനും നിനക്കു പ്രചോദനമാവട്ടെ!

നാഥാ, എന്റെ ആരാധനാഭാജനമേ, ക്ലേശമുക്തിയും പരിഗണനയും ചോദിച്ച് നിന്റെ നേരെയല്ലാതെ മറ്റാരുടെ നേരെയാണ് ഞാൻ കൈനീട്ടുക? നീയല്ലാതെ മറ്റാരാണ് എനിക്കതിനുള്ളത്? എന്റെ ആരാധ്യനും യജമാനനുമായിട്ടുള്ളവനേ! നീ എനിക്കു നിശ്ചയിച്ച നിയമത്തിൽ ഞാൻ ഉപശാഠീക ചമൽക്കാരങ്ങൾക്കെതിരിൽ ജാഗ്രത പുലർത്താതെ തന്നിഷ്ടത്തെ പിന്തുടർന്നു. അങ്ങനെ പിശാച് എന്റെ ഇഷ്ടങ്ങൾ എടുത്തു കാട്ടി പ്രലോഭിപ്പിച്ച് എന്നെ വഞ്ചനയിൽ കുടുക്കി. അതോടെ വിധി പിശാചിനനുകൂലമായി. നീ വരച്ചുതന്ന അതിരുകൾ അതിലംഘിച്ച് ഞാൻ നിന്റെ ചില ആജ്ഞകൾക്ക് വിപരീതം പ്രവർത്തിച്ചുപോയി. ഇതിലെല്ലാം നിന്നെ സ്തുതിക്കാനേ എനിക്കാവുകയുള്ളൂ. എന്റെ കാര്യത്തിൽ വിധി നടപ്പിലായതിലോ നിന്റെ നിയമത്തിനോ പരീക്ഷണത്തിനോ ഞാൻ വിധേയനായതിലോ എനിക്ക് നിന്നോട് ഒരു ന്യായവും ഉന്നയിക്കാനില്ല. അങ്ങനെ വീഴ്ച പറ്റി ആത്മവഞ്ചനയിൽ അതിരു കടന്നവനെന്ന നിലയിൽ, എന്റെ ആരാധനാ ഭാജനമായ നിന്റെ സമക്ഷത്തിങ്കലിതാ ഞാൻ വന്നുനിൽക്കുന്നു-സങ്കടപ്പെട്ട്, ക്ഷമ ചോദിച്ച്, ഹൃദയം തകർന്ന്, മാപ്പിരന്ന്, പശ്ചാത്തപിച്ച്, മടക്കവിചാരത്തോടെ, കീഴ്പെട്ട്, കുറ്റങ്ങളെല്ലാം ഏറ്റുപറഞ്ഞ്. തെറ്റു പറ്റിയാൽ ഖേദിച്ച് ഓടിച്ചെല്ലാനും ഭീതി പിണഞ്ഞാൽ അഭയം പ്രാപിക്കാനും എനിക്കൊരിടമില്ല. എന്റെ മാപ്പപേക്ഷ നീ സ്വീകരിക്കുകയും നിന്റെ കാരുണ്യത്തിന്റെ വിശാലതയിലേക്ക് എന്നെ നീ എടുക്കുകയും ചെയ്യുകയെന്നതല്ലാതെ.

അല്ലാഹുവേ,

എന്റെ മാപ്പപേക്ഷ സ്വീകരിക്കേണമേ! എന്റെ ക്ലേശകാഠിന്യങ്ങളുടെ നേരെ കനിയേണമേ! എന്റെ കുടുക്കുകൾ അഴിച്ചുതരേണമേ! നാഥാ, എന്റെ ശരീരത്തിന്റെ ബലഹീനതയ്ക്കും ചർമ്മത്തിന്റെ ലോലതയ്ക്കും അസ്ഥിയുടെ നേർമയ്ക്കും നിന്റെ കരുണയുടെ ആവശ്യമുണ്ട്. ഇല്ലായ്മയിൽ നിന്ന് എന്നെ ആവിർഭവിപ്പിക്കുകയും അങ്ങനെ എന്നെ പ്രസ്താവയോഗ്യമായ ഒരസ്തിത്വമാക്കുകയും എന്നെ വളർത്തി അനുഗ്രഹിക്കുകയും ആഹാരം നൽകി പരിപോഷിപ്പിക്കുകയും ചെയ്തവനേ, അതേ അനുഗ്രഹവും ഔദാര്യവും ഞാൻ വളർന്നു കഴിഞ്ഞ ഈ ഘട്ടത്തിലും മേലിലും എനിക്കുണ്ടാകേണമേ!

നിന്റെ ആരാധനാഭാജനമേ, നിയന്താവേ, നാഥാ,

നിന്റെ ഏകത്വത്തിൽ വിശ്വസിക്കുകയും നിന്നെ അറിയുന്നതിലൂടെ എന്റെ ഹൃദയത്തിൽ ആ വിശ്വാസം സുദൃഢമാവുകയും എന്റെ നാവ് നിന്റെ പ്രകീർത്തനത്തിലൂടെ അതേറ്റുമൊഴിയുകയും നിന്നെ പ്രണയിച്ചുകൊണ്ട് എന്റെ അന്തരാളം അതംഗീകരിക്കുകയും നിന്റെ ഈ ശരീയതയെ വണങ്ങി എന്റെ എല്ലാ തെറ്റുകു

റ്റങ്ങളും സമ്മതിച്ചു പറഞ്ഞ് ഞാൻ നിന്നോട് പ്രാർത്ഥിക്കുകയും ചെയ്തതിനു ശേഷവും നീ നിന്റെ നരകാഗ്നി കൊണ്ട് എന്നെ ശിക്ഷിക്കുന്നത് കാണേണ്ടതായി വരുമോ?

ഇല്ല. നീ സംരക്ഷണം നൽകി വളർത്തിയവനെ നീ നശിപ്പിക്കുകയില്ല, നീ സാമീപ്യമരുളിയവനെ നീ അകറ്റുകയില്ല; നീ അഭയം നൽകിയവനെ നീ ഭയപ്പെടുത്തി ഓടിക്കുകയില്ല; നീ ആവോളം കരുണ ചൊരഞ്ഞു കൊടുത്തവനെ നീ കഷ്ടതയിലേക്കു തള്ളി നിസ്സഹാനാക്കുകയില്ല.

എന്റെ ആരാധനാഭാജനമേ, ഉടയവനേ, നിയന്താവേ, എനിക്കറിയണമായിരുന്നു: നിന്റെ മഹത്വത്തിനു മുമ്പിൽ നമസ്കരിച്ച് മുഖങ്ങളെ, നിന്റെ ഏകത്വത്തെ സത്യസന്ധമായി പ്രഖ്യാപിക്കുകയും നന്ദിപൂർവം നിന്നെ സ്തുതിക്കുകയും ചെയ്ത നാവുകളെ, നിന്റെ ദൈവികതയെ ദൃഢബോധ്യത്തോടെ അംഗീകരിച്ച ഹൃദയങ്ങളെ, സർവാത്മനാ നിന്നെ വണങ്ങാൻ മാത്രം നിന്റെ ജ്ഞാനമുൾക്കൊണ്ട അന്തരാളങ്ങളെ, നിന്നെ ആരാധിക്കാൻ നിശ്ചിത സ്ഥലങ്ങളിലേക്ക് അനുസരണയോടെ നീങ്ങുകയും വിനയപുരസ്സരം നിന്നോട് പാപമുക്തി തേടിയെത്തുകയും ചെയ്ത അവയവങ്ങളെ നീ നരകത്തിന് ഏല്പിച്ചുകൊടുക്കുമോ?

ഇല്ല. നിന്നെക്കുറിച്ച് അങ്ങനെ ധരിക്കൂട. നിന്റെ ഉദാരതയെക്കുറിച്ച് ഞങ്ങൾക്കു കുട്ടിയിട്ടുള്ള വിവരം അങ്ങനെയൊട്ടല്ലതാനും ഉദാരപൂർണനായ നാഥാ, ഇഹലോകത്തിലെ കെടുതികളിലും ശിക്ഷാ നടപടികളിലും ഏറ്റവും ചെറുതുപോലും താങ്ങാൻ എനിക്ക് കരുത്തില്ലെന്ന് നിനക്കറിയാമല്ലോ. ഭൂനിവാസികൾ അനുഭവിക്കുന്ന അനിഷ്ടം സംഭവങ്ങൾ എന്നെ എത്രമാത്രം വിഷമിപ്പിക്കുന്നു. ഹ്രസ്വവും നിസ്സാരവും താൽക്കാലികവുമായ കെടുതികളും പരീക്ഷണങ്ങളുമാണവ. എന്നിട്ടും! പിന്നെ എങ്ങനെയാണ് ദൈർഘ്യമേറിയതും അറ്റമില്ലാത്തതുമായ പാരത്രിക ശിക്ഷയും അതിന്റെ ഭീകര പ്രത്യാഘാതങ്ങളും ഞാൻ സഹിക്കുക! എന്റെ ക്രോധത്തിന്റെയും അതൃപ്തിയുടെയും ഫലമായനുഭവിക്കേണ്ടിവരുന്ന ഗുരുതരമായ ശിക്ഷയായിരിക്കുമല്ലോ അത്. ആകാശങ്ങൾക്കോ ഭൂമിക്കോ താങ്ങാനാവുന്നതല്ല ആ ശിക്ഷ.

നാഥാ, എങ്ങനെയാണ് നിന്റെ ദുർബലനം നിസ്സാരനും എളിയവനും പരാധീനനുമായ ഈ പാവപ്പെട്ട ദാസൻ അത് താങ്ങുക! നാഥാ, നിയന്താവോ, ആരാധനാഭാജനമോ, ഉടയവനോ, ഏതേതു കാര്യങ്ങൾക്കാണ് ഞാൻ നിന്നോട് ആവലാതിപ്പെടുകയും അട്ടഹസിച്ച് നിലവിളിക്കുകയും ചെയ്യേണ്ടത്? ശിക്ഷയുടെ വേദനയും കാഠിന്യവും പറഞ്ഞുകൊണ്ടോ, അതോ അതിന്റെ ആഘാതവും കാലദൈർഘ്യവും പറഞ്ഞോ? നാഥാ, നിന്റെ ശത്രുക്കളുടെ കൂടെ എന്നെയും നീ ശിക്ഷക്കു വിധേയനാക്കുമോ? നിന്റെ ശിക്ഷയ്ക്കു അർഹതപ്പെട്ടവരെയും എന്നെയും നീ ഒരിടത്താക്കുമോ? നിന്റെ ബന്ധുക്കളിൽ നിന്നും മിത്രങ്ങളിൽ നിന്നും നീ എന്നെ വേറെയാക്കുമോ? എങ്കിൽ എന്റെ നാഥാ, ആരാധനാഭാജനമേ, നിയന്താവേ ഉടയവനേ, നിന്റെ ശിക്ഷ സഹിച്ചാലും നിന്റെ വിരഹം ഞാനെങ്ങനെ സഹിക്കും? നിന്റെ നരകാഗ്നി സഹിച്ചാലും നിന്റെ മഹത്വത്തിലേയ്ക്കുള്ള ദർശനം തടയപ്പെടുന്നത് ഞാനെങ്ങനെ സഹിക്കും? അല്ലെങ്കിലെങ്ങനെ ഞാൻ നരകത്തിൽ പാർക്കും, നിന്റെ മാപ്പിൽ എനിക്കു പ്രതീക്ഷയുണ്ടല്ലോ.

എന്റെ നാഥാ, എന്റെ നിയന്താവേ, നിന്റെ അന്തസ്സിനെ മുൻനിർത്തി ഞാൻ ആണയിടട്ടെ, നരകവാസികൾക്കിടയിൽ വെച്ചും, എനിക്കു സംസാരശേഷിയുണ്ടെങ്കിൽ, പ്രതീക്ഷയുള്ളവരെപ്പോലെ ഞാൻ നിന്റെ നേരെ നലവിളിക്കും, വിഷാദികളെപ്പോലെ ഞാൻ നിന്റടുത്തേക്ക് ദീനരോദനങ്ങളയച്ചുകൊണ്ടിരിക്കും, നഷ്ടബാധിതരെപ്പോലെ ഞാൻ നിന്നെ വിളിച്ചു കരയും. വിശ്വാസികളുടെ രക്ഷകാ, നീ എവിടെയായാലും നിന്നെ ഞാൻ വിളിച്ചുകൊണ്ടിരിക്കും. ജ്ഞാനികളുടെ പ്രതീക്ഷാകേന്ദ്രമേ, സഹായാർത്ഥികളുടെ സഹായീ, സത്യവാന്മാരുടെ ഹൃദയസുഹൃത്തേ, സകല ലോകങ്ങളുടെയും ദൈവമേ, നിന്റെ മഹത്വത്തെ വാഴ്ത്തിയും നിന്നെ സ്തുതിച്ചു. ഞാൻ ചോദിക്കട്ടെ: എന്റെ ആരാധനാഭാജനമേ, തന്റെ അനുസരണക്കേട് കാരണം നരകത്തിൽ അകപ്പെട്ടുപോയ, പാപം മൂലം അതിലെ ശിക്ഷ അനുഭവിച്ചുകൊണ്ടിരിക്കുന്ന, ദോഷപ്രവണതയും കുറ്റകൃത്യവും കാരണം അതിന്റെ തട്ടുകൾക്കിടയിൽ തടവിലാക്കപ്പെട്ട ഒരു മുസ്‌ലിം നിന്റെ കാരുണ്യത്തിൽ പ്രത്യാശയർപ്പിച്ചുകൊണ്ട് നിലവിളിക്കുന്നതും നിന്റെ ഏകത്വം അംഗീകരിച്ചിട്ടുള്ളവരുടെ ഭാഷയിൽ നിന്നെ വിളിക്കുന്നതും നന്റെ ഈശ്വരീയത മുൻനിർത്തി നിന്നോട് തേടുന്നതും നീ കേട്ടുകൊണ്ടിരിക്കെ, എങ്ങനെ അയാൾ നിന്റെ ശിക്ഷയിൽ കഴിയും? മുൻകാലങ്ങളിൽ നീ വിട്ടുവീഴ്ച കാണിച്ച അനുഭവങ്ങളിൽ പ്രതീക്ഷയർപ്പിക്കുന്നുണ്ടായിരിക്കുമല്ലോ അയാൾ. നിന്റെ അനുഗ്രഹ കാരുണ്യങ്ങൾ പ്രതീക്ഷിക്കുന്ന ഒരുത്തനെ നരകം എങ്ങനെ തനയേല്പിക്കും? അയാളുടെ ശബ്ദം നീ കേൾക്കുകയും അയാളുടെ സ്ഥാനം നീ കാണുകയും ചെയ്യുമ്പോൾ നരകജ്വാല എങ്ങനെ അയാളെ കരിക്കും? അയാളുടെ ദൗർബല്യം നിനക്കറിയുന്ന സ്ഥിതിക്ക് എങ്ങനെയാണ് അതിന്റെ ഇരമ്പൽ അയാളെ ബാധിക്കുക? അയാളുടെ ആത്മാർത്ഥത നിനക്കറിയാമെന്നിരിക്കെ എങ്ങനെയാണ് അതിന്റെ തട്ടുകൾക്കിടയിൽ അയാൾ കയറിയും ഇറങ്ങിയും കൊണ്ടിരിക്കുക? എന്റെ നാഥാ, എന്ന അയാളുടെ വിളി ഉയർന്നുകൊണ്ടിരിക്കുമ്പോൾ എങ്ങനെയാണതിലെ കാവൽ ഭടന്മാർ അയാളെ പ്രഹരമേല്പിക്കുക? അതിൽ നിന്നുള്ള മോചനത്തിനായി നിന്റെ ഔദാര്യത്തെ ആശ്രയിക്കുന്ന അയാളെ എങ്ങനെയാണ് നീ അതിൽ ഉപേക്ഷിക്കുക?

ഇല്ല. നിന്നെക്കുറിച്ച് അങ്ങനെയൊന്നും വിചാരിക്കരുതാത്തതാണ്. നിന്റെ ഔദാര്യത്തെക്കുറിച്ചുള്ള അറിവും അങ്ങനെയൊന്നുമല്ലതാനും. ഏകദൈവവിശ്വാസികളോടുള്ള നിന്റെ പെരുമാറ്റവും അത്തരത്തിലുള്ളതല്ല.

ഞാൻ ദൃഢമായും വിശ്വസിക്കുന്നു, നീ നിന്നെ നിഷേധിക്കുന്നവരെ ശിക്ഷിക്കാൻ തീരുമാനിച്ചിട്ടില്ലായിരുന്നുവെങ്കിൽ, നിന്റെ പ്രതിയോഗികളെ അതിൽ സ്ഥിരവാസികളാക്കേണ്ടതുണ്ടായിരുന്നില്ലെങ്കിൽ, നീ നരകത്തെ സമാധാനത്തിന്റെയും കുളിർമയുടെയും ഇടമാക്കുമായിരുന്നേനെ. അതിൽ ആരെയും നീ പാർപ്പിക്കുമായിരുന്നില്ല.

പക്ഷെ, നിന്റെ നാമങ്ങൾ വിശുദ്ധമായിരിക്കട്ടെ, ജിന്നുകളിലെയും മനുഷ്യരിലെയും സത്യനിഷേധികളെക്കൊണ്ട് നരകം നിറക്കുമെന്ന് നീ ശപഥം ചെയ്തിട്ടുണ്ട്. നിന്റെ ശത്രുക്കളെ അതിൽ സ്ഥിരവാസികളാക്കുമെന്നും നിനക്ക് മഹത്തായ സ്തോത്രം! നീ നിന്റെ അന്തസ്സ് പാലിച്ചുകൊണ്ടും അനുഗ്രഹം വെളിപ്പെടുത്തിക്കൊണ്ടും മുമ്പേ പറഞ്ഞിട്ടുള്ളതാണ്, 'വിശ്വാസിയും ധിക്കാരിയും തുല്യരല്ലെന്ന്.

എന്റെ ആരാധനാഭാജനമേ, നിയന്താവേ, നിന്റെ ശക്തി വിശേഷവും നീ തീരുമാനിച്ചതും നടപ്പിൽ വരുത്തിയതുമായ വിധിയും മുൻനിർത്തി ഞാൻ നിന്നോട് അർത്ഥിക്കുന്നു, ഞാൻ ചെയ്ത കുറ്റകൃത്യങ്ങളും മഹാപാപങ്ങളും സ്വകാര്യ കൊള്ളരുതായ്മകളും രഹസ്യമായോ പരസ്യമായോ ചെയ്ത വിഡ്ഢിത്തങ്ങളും ഈ രാത്രി, ഈ നിമിഷം എനിക്ക് പൊറുത്തുതരണമെന്ന്. എന്റെ പക്കൽ നിന്ന് സംഭവിക്കുന്നതൊക്കെയും മാഞ്ഞുപോകാത്തവിധം രേഖപ്പെടുത്തിവെക്കാൻ മാന്യന്മാരായ എഴുത്തുകാരെ നീ നിയോഗിച്ചിരിക്കുന്നല്ലോ. എന്റെ അവയവങ്ങളുടെ മേൽ അവരെ സാക്ഷികളാക്കിയിരിക്കയും, നീ തന്നെ പിന്നിൽ നിന്നവരെ നിരീക്ഷിച്ചുകൊണ്ടിരിക്കയുമാണ്. നീ നിന്റെ കാരുണ്യത്താൽ ഗോപ്യമാക്കിയതിന് നീ തന്നെ സാക്ഷിയുമാണ്. നീ ചൊരിഞ്ഞ സമയിലും നീ ഏകിയ ഔദാര്യത്തിലും നീ പരത്തിയ പുണ്യത്തിലും നീ നൽകിയ ആഹാരത്തിലും എനിക്കുള്ള വിഹിതം പൂർണമായും തന്നരുളേണമേ! എത്ര അളവിലാണോ നീ തെറ്റുകുറ്റങ്ങൾ മറയ്ക്കുകയും പൊറുക്കുകയും ചെയ്യുന്നത്, അതേ അളവിൽ എന്റെ തെറ്റുകുറ്റങ്ങൾ മറക്കുകയും പൊറുക്കുകയും ചെയ്യേണമേ!

എന്റെ നാഥാ, എന്റെ നാഥാ, എന്റെ ആരാധനാഭാജനമേ, എന്റെ നാഥാ, എന്റെ നിയന്താവേ, എന്റെ ഉടയവനേ, എന്റെ ദാസ്യത്തിന് അർഹതപ്പെട്ടവനേ, എന്റെ ചുക്കാൻ കയ്യിലേന്തിയവനേ, എന്റെ കഷ്ടപ്പാടും പതിതാവസ്ഥയും അറിയുന്നവനേ, എന്റെ ദാരിദ്ര്യവും ഇല്ലായ്മയും നന്നായറിയുന്നവനേ, എന്റെ നാഥാ, എന്റെ നാഥാ, എന്റെ നാഥാ, നിന്റെ ഉൺമയും പവിത്രതയും നിന്റെ ഉൽകൃഷ്ട നാമവിശേഷണങ്ങളും മുൻനിർത്തി ഞാൻ നിന്നോട് തേടുന്നു, എന്റെ ദിനരാത്രങ്ങളിലെ എല്ലാ നിമിഷങ്ങളും നിന്റെ സ്മരണയിൽ നിർഭരവും നിന്റെ സേവനവുമായി ബന്ധപ്പെട്ടതും ആയിരിക്കേണമേ എന്ന്; എന്റെ കർമങ്ങൾ നിനക്ക് സ്വീകാര്യമായിരിക്കേണമേ എന്ന്, എത്രത്തോളമെന്നാൽ എന്റെ കർമങ്ങളും, ജപമൊഴികളും അഭേദ്യങ്ങളായിരിക്കുമാറ് അവയെ ഒരൊറ്റ ജപമാക്കേണമേ എന്ന്; എന്റെ എല്ലാ അവസ്ഥകളും നിന്റെ സേവനത്തിൽ നിരതമായിരിക്കേണമേ എന്ന്.

എന്റെ നാഥാ, എന്റെ അവലംബമേ, എന്റെ സ്ഥിതിഗതികളെക്കുറിച്ച് ആവലാതിപ്പെടാനുള്ള ഏക കേന്ദ്രമമേ, നാഥാ, നാഥാ, നാഥാ, നിന്നെ സേവിക്കുന്നതിന് എന്റെ അവയവങ്ങളെ ശക്തമാക്കേണമേ! എന്റെ നിശ്ചയദാർഢ്യങ്ങൾക്കനുസൃതം എന്റെ പാർശങ്ങളെയും കരുത്തുറ്റതാക്കേണമേ! നിന്നോടുള്ള ഭക്തിയിലും നിന്റെ സേവയുമായുള്ള സ്ഥിരബന്ധത്തിലും എന്നെ പരിശ്രമശാലിയാക്കി നിർത്തണമേ! നിന്നിലേയ്ക്കു മുന്നേറുന്നവരുടെ മേഖലകളിലൂടെ പ്രയാണം ചെയ്യാൻ എനിക്കും സാധിക്കണം, പ്രമുഖർക്കിടയിലൂടെ എനിക്കും നിന്റെ സമീപത്തേയ്ക്കു അത്ഭുതം വരാൻ കഴിയണം; നിന്റെ സാമീപ്യം മോഹിക്കുന്നവരിൽ ഞാനുമുണ്ടായിരിക്കണം. നിഷ്കളങ്കർക്ക് പ്രാപ്യമാകുന്ന സാമീപ്യം എനിക്കും പ്രാപിക്കാനാവണം. അചഞ്ചലരായ വിശ്വാസികൾ നിന്നെ എങ്ങനെ ഭയപ്പെടുന്നുവോ അങ്ങനെ എനിക്കും നിന്നോട് ഭയമുണ്ടാവണം; വിശ്വാസികളോടൊപ്പം ഞാനും നിന്റെ അയൽവാസിയാവണം.

അല്ലാഹുവേ, എന്റെ നേരെ ദുരുദ്ദേശ്യമുള്ളവരെ നീ കരുതിവെക്ക്; എനിക്കെതിരിൽ സൂത്രങ്ങളുമായി നടക്കുന്നവരെ നീ നിലക്കു നിറുത്ത്; നിന്റടുക്കൽ സൗഭാഗ്യമുള്ളവരും അടുത്ത പദവിയുള്ളവരും സവിശേഷ സ്ഥാനമുള്ളവരുമായവരുടെ കൂട്ടത്തിൽ എന്നെയും ആക്കുക. നീ അനുഗ്രഹിച്ചാൽ മാത്രം കിട്ടുന്നതാണിത്. നിന്റെ ഔദാര്യത്തിൽ നിന്ന് നീ എനിക്കു തരിക; നീ നിന്റെ മഹത്വം കൊണ്ട് എന്നെ കടാക്ഷിക്കുക; നിന്റെ കാരുണ്യത്തിനു കീഴിൽ എനിക്കു കാവലേകുക; നിന്റെ കീർത്തന മൊഴിയാൽ എന്റെ നാവ് സജീവമാവുകയും നിന്റെ അനുരാഗം കൊണ്ട് എന്റെ ഹൃദയം തൃപ്തമാവുകയും ചെയ്യട്ടേ! നിന്റെ വിളിക്ക് നന്നായി ഉത്തരം നൽകാൻ എന്നെക്കൊണ്ടാവട്ടേ! എന്റെ തെറ്റുകൾ വിട്ടേക്കണം; എന്റെ വ്യതിയാനങ്ങൾ പൊറുക്കണം; നിന്റെ ദാസന്മാർ നിന്നെ വണങ്ങണമെന്നു നീ വിധിച്ചിരിക്കുന്നു; അവർ നിന്നോടു പ്രാർത്ഥിക്കണമെന്ന് നീ കല്പിച്ചിരിക്കുന്നു; പ്രാർത്ഥനക്ക് ഉത്തരം നൽകാമെന്ന് നീ ഏറ്റിരിക്കുന്നു; ആകയാൽ

നാഥാ, എന്റെ മുഖത്തേ ഞാൻ നിന്റെ നേരെ ആക്കി നിർത്തിയിരിക്കുന്നു; എന്റെ കൈ നിന്റെ നേരെ ഞാൻ നീട്ടിയിരിക്കുന്നു. നിന്റെ അന്തസ്സിനെ മുൻനിർത്തിയിട്ടാണ് ഞാൻ നിന്നോട് ചോദിക്കുന്നത്, എന്റെ പ്രാർത്ഥനയ്ക്ക് നീ ഉത്തരം ചെയ്യണമേ! ഞാൻ മോഹിക്കുന്നിടത്തേക്ക് എന്നെ എത്തിച്ചു തരേണമേ! നിന്റെ ഔദാര്യത്തിലുള്ള എന്റെ ആശയെ ഭംഗപ്പെടുത്തരുതേ! മനുഷ്യരിലും ജിന്നിലുമുള്ള എന്റെ പ്രതിയോഗികൾക്കെതിരിൽ എപ്പോഴും എനിക്ക് നീ മതിയായവനായിരിക്കേണമേ!

എളുപ്പം തൃപ്തനാകുന്നവനേ! പ്രാർത്ഥനയല്ലാതെ യാതൊരു മുതൽക്കൂട്ടുമില്ലാത്ത ഇവനോട് പൊറുക്കേണമേ! നീ ഇച്ഛിക്കുന്നത് പ്രവർത്തിക്കുന്നവനാണല്ലോ. നിന്റെ നാമം ഔഷധവും നിന്റെ സ്മരണ ശമനവും നിന്നോടുള്ള അനുസരണം ഐശ്വര്യവുമല്ലോ. പ്രതീക്ഷ മാത്രം മൂലധനമായുള്ള, കരച്ചിൽ മാത്രം ആയുധമായുള്ള ഇവനോട് കരുണ കാണിച്ചാലും! അനുഗ്രഹപൂർണനോ ദുരിതങ്ങൾ തട്ടിനീക്കുന്നവനോ, ഇരുളിൽ ഒറ്റപ്പെട്ടു പോയവരുടെ പ്രകാശമോ, ആരാലും പഠിപ്പിക്കപ്പെടാതെ എല്ലാം അറിയുന്നവനോ മുഹമ്മദിലും മുഹമ്മദീ കുടുംബത്തിലും നീ അനുഗ്രഹാശിസ്സുകൾ ചൊരിയുക. നീ നിനക്കു ചേരുംവിധം എന്നോട് പെരുമാറുക. ഞാൻ അർഹിക്കുന്ന വിധത്തിൽ എന്നോട് പെരുമാറരുതേ!

അല്ലാഹു തആല അവന്റെ ദൂതരിലും അവിടുത്തെ കുടുംബത്തിൽ നിന്നുള്ള അനുഗൃഹീത നേതാക്കളിലും കൂടുതൽ അനുഗ്രഹങ്ങൾ വർഷിക്കട്ടെ! അവർക്ക് എമ്പാടും ശാന്തിയുണ്ടാവട്ടെ!

പ്രാർത്ഥന അല്ലാഹുവിനോടുള്ള നിഷ്കളങ്കമായ സംഭാഷണമാണ്. ഭൗതിക യുക്തിയുടെ നിസാരതകളെ അഭൗമമായി തകർത്തുകളയുന്ന സ്നേഹത്തിന്റെ നിസ്തുലമായ അപാരത ആത്മീയമായി അനുഭവിച്ചറിയാനാകുന്ന ഒരിടം. കണ്ണീരാണ് യഥാർത്ഥത്തിൽ എല്ലാ പ്രാർത്ഥനയുടെയും ഭാഷ. വിനയമാണതിന്റെ സ്വതസിദ്ധമായ ഭാവം. നിർമലതയാണതിന്റെ സത്ത. ഈരേഴുലോകങ്ങളുടെയും സൃഷ്ടിപരിപാലകനായ പടച്ചതമ്പുരാനോട് നിസ്സാരനായ മനുഷ്യൻ കണ്ണീരിനാലയക്കുന്ന സന്ദേശം. ഉന്നതരായ മനുഷ്യാത്മാക്കൾ പ്രാർത്ഥനാവാചകങ്ങളുരുവിടുമ്പോൾ ദൈവസാമീപ്യത്തിന്റെ അനുഗ്രഹവർഷം കേട്ടുനിൽക്കുന്നവർ പോലും അനുഭവിക്കാറുണ്ട്. പ്രാർത്ഥനയിൽ വിശുദ്ധാനുരാഗം കൂടി ഉൾച്ചേർന്നിരിക്കയാൽ, അത് അനുസ്മരണവും അനുസരണയും കൂടിയാണ്. വൈയക്തികമായ വിമലീകരണവും സാമൂഹികമായ ദിശാബോധവുമെല്ലാം അതിൽ അടങ്ങിയിരിപ്പുണ്ട്. ധാരാളമായി പ്രാർത്ഥിക്കുക എന്നത് എക്കാലത്തും തെളിമയുറ്റതും അന്തസാർന്നതുമായ മുസ്ലിം നാഗരിക ജീവിതത്തിന്റെ ഭാഗമായിരുന്നു. ഹസ്രത്ത് അലി(റ) നൂറ്റാണ്ടുകൾക്കു മുമ്പ് തന്റെ പ്രിയശിഷ്യൻ കുമൈൽ(റ)വിനു പഠിപ്പിച്ചുകൊടുത്ത ഈ പ്രാർത്ഥന സ്നേഹപൂർവം അദർബുക്സ് നിങ്ങൾക്കു തരുന്നു.